## കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ്—സംസ്ഥാനത്ത് 2017 മാർച്ചിൽ പ്രഖ്യാപിക്കേണ്ട സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവ്—പുറപ്പെടുവിക്കുന്നു

## ഊർജ്ജ (സി) വകുപ്പ്

ജി.ഒ. (എംഎസ്.) നമ്പർ 18/2016/ഊ.വ. *തിരുവനന്തപുരം, 2016 ആഗസ്റ്റ് 26.*

പരാമർശം:—1. 24-6-2016-ൽ കേരള നിയമസഭയിലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം.

2. ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-6-2016-ൽ കൂടിയ യോഗ നടപടിക്കുറിപ്പ്.

### ഉത്തരവ്

2017-ൽ കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനായി എല്ലാ ഭവനങ്ങളും വൈദ്യുതീകരിക്കുമെന്ന് പരാമർശം ഒന്നിലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ പ്രാഥമിക നടപടിയായി 26-7-2016-ൽ ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും 2017-ൽ പ്രഖ്യാപിക്കേണ്ട സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത ആവശ്യത്തിലേക്കായി സർക്കാർ താഴെപ്പറയുന്ന സമിതികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

GCPT. 3/3005/2016/S-11.

1. <u>സംസ്ഥാനതല ഉന്നതാധികാര സമിതി</u>

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ചെയർമാൻ |
| മന്ത്രി (വൈദ്യുതിയും ദേവസ്വവും) | .. | വൈസ് ചെയർമാൻ |
| മന്ത്രി (ധനകാര്യവും കയറും) | .. | മെമ്പർ |
| മന്ത്രി (റവന്യൂ) | .. | മെമ്പർ |
| മന്ത്രി (നിയമം, സാംസ്കാരികം & പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ്) | .. | മെമ്പർ |
| മന്ത്രി (വനം) | .. | മെമ്പർ |
| മന്ത്രി (തദ്ദേശ സ്വയംഭരണ വകുപ്പ്) | .. | മെമ്പർ |
| അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം)& ചെയർമാൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് | .. | കൺവീനർ |
| ഇൻഡിപെൻഡന്റ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് | .. | മെമ്പർ |
| ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ജനറേഷൻ—ഇലക്ട്രിക്കൽ) | .. | മെമ്പർ |
| കെ.എസ്.ഇ.ബി. ലിമിറ്റഡ് | .. | മെമ്പർ |
| ഡയറക്ടർ (ഫിനാൻസ്) കെ.എസ്.ഇ.ബി. ലിമിറ്റഡ് | .. | മെമ്പർ |

2. <u>ജില്ലാതല മോണിറ്ററിംഗ് സമിതി</u>

| | | |
|---|---|---|
| ജില്ലയുടെ ചാർജ്ജുള്ള മന്ത്രി | .. | ചെയർമാൻ |
| ജില്ലാ കളക്ടർ | .. | കൺവീനർ |
| ഡെപ്യൂട്ടി ചീഫ് എൻജിനീയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് | .. | ജോയിന്റ് കൺവീനർ |
| ജില്ലകളിൽ നിന്നുള്ള എം.പി.-മാർ | .. | മെമ്പർ |
| ജില്ലകളിലെ നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.- മാർ | .. | മെമ്പർ |

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് .. മെമ്പർ

മുനിസിപ്പൽ കോർപ്പറേഷൻ മേയർ .. മെമ്പർ

നിയോജകമണ്ഡലതല സമിതി കൺവീനർമാർ .. മെമ്പർ

3. സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി

കെ. അശോകൻ, മുൻ ഡയറക്ടർ (ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ) കെ.എസ്.ഇ.ബി. ലിമിറ്റഡ് .. ചെയർമാൻ

ടെക്നിക്കൽ അഡ്വൈസർ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ) കെ.എസ്.ഇ.ബി. ലിമിറ്റഡ് .. കൺവീനർ

ഈ പദ്ധതിയുമായി പരിജ്ഞാനമുള്ള കെ.എസ്.ഇ.ബി.-യിലെ മുൻ ഉദ്യോഗസ്ഥർ .. മെമ്പർമാർ

4. നിയോജകമണ്ഡലതല മോണിറ്ററിംഗ് സമിതി

ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ. .. ചെയർമാൻ

എക്സിക്യൂട്ടീവ് എൻജിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് .. കൺവീനർ

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ .. മെമ്പർ

ജില്ല/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ മെമ്പർമാർ .. മെമ്പർ

പഞ്ചായത്ത്തല/സെക്ഷൻതല നിർവ്വാഹക സമിതി കൺവീനർമാർ .. മെമ്പർ

5. നിർവ്വാഹക സമിതികൾ

ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും നിർവ്വാഹക സമിതികൾ രൂപീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസ് തലത്തിലായിരിക്കണം മുനിസിപ്പൽ കോർപ്പറേഷനിൽ നിർവ്വാഹക സമിതികൾ രൂപീകരിക്കേണ്ടത്.

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ സെക്ഷൻ ലെവൽ കമ്മിറ്റിയിലെ വാർഡ് കൗൺസിലർ (കോർപ്പറേഷൻ ഏരിയ) എന്നിവരായിരിക്കണം നിർവ്വാഹക സമിതിയുടെ ചെയർപേഴ്സൺ.

100% ഉപഭോക്താക്കളെ കണ്ടെത്താനും പാവപ്പെട്ട കുടുംബങ്ങളുടെ വൈദ്യുതീകരണത്തിന് വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനയായി ഫണ്ട് സമാഹരിക്കാനും പര്യാപ്തമാകുംവിധം കഴിയുന്നിടത്തോളം വ്യാപകമായ പ്രാതിനിധ്യം ഉറപ്പുവരുത്തി വേണം സമിതി രൂപീകരിക്കേണ്ടത്.

സമിതിയിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ മെമ്പർമാരും കോർപ്പറേഷനുകളിലെ വാർഡ് കൗൺസിലർമാരും എല്ലാ രാഷ്ട്രീയ പാർട്ടികളിലെ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും കെ. എസ്. ഇ. ബി. ലിമിറ്റഡിലെ ഓഫീസേഴ്സ് അസോസിയേഷനുകളിലെ പ്രതിനിധികളും സാമൂഹ്യ സാംസ്കാരിക സംഘടനകൾ, എൻ. ജി. ഒ.-കൾ, സി. ഡി. എസ്./എ.ഡി.എസ്. പ്രതിനിധികൾ, കുടുംബശ്രീ വോളണ്ടിയർമാർ എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

കെ. എസ്. ഇ. ബി.-യിലെ സബ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണം നിർവ്വാഹക സമിതികളുടെ കൺവീനർമാർ.

സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതിയുടെയും നിർവ്വാഹക സമിതികളിൽ അംഗങ്ങളെയും, കൺവീനർമാരെയും നിയമിച്ചുകൊണ്ട് കെ. എസ്. ഇ. ബി. ലിമിറ്റഡ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

നിയോജകമണ്ഡല തലത്തിലുള്ള സമിതികളിലെ കൺവീനർമാരെയും കെ. എസ്. ഇ. ബി. ലിമിറ്റഡ് തീരുമാനിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പോൾ ആന്റണി,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ മന്ത്രിമാരുടെയും പി. എ.-മാർക്ക്.

എല്ലാ എം. പി.-മാർ/എം. എൽ. എ.-മാർ (ആമുഖ കത്ത് സഹിതം).

എല്ലാ ജില്ലാ കളക്ടർമാർക്കും.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്.

(കെ. എസ്. ഇ. ബി.-യിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഉത്തരവിന്റെ ഒരു പകർപ്പ് വിതരണം ചെയ്യുന്നതിലേക്കായി).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:—

ഇലക്ട്രിസിറ്റിയും ദേവസ്വവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി. എ.-യ്ക്ക്.

---

GCPT. 3/3005/2016/S-11.